# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1421 — 22.03.2013 ലെ മറുപടിക്ക്

### മലപ്പുറം ജില്ലയിൽ നോർക്കയുടെ ജില്ലാ ആസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ മലപ്പുറം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ പ്രവാസികൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രവാസി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനായി നോർക്കയുടെ ജില്ലാ ആസ്ഥാന കാര്യാലയം തുടങ്ങുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പ്രസ്തുത ജില്ലാ ആസ്ഥാനത്തിനായി സിവിൽ സ്റ്റേഷൻ പരിസരത്ത് സ്ഥലം ലഭ്യമാക്കാമെന്ന് ജില്ലാ അധികൃതർ ഉറപ്പു നൽകിയ കാര്യം അറിയാമോ;<br>(ഡി) മലപ്പുറത്ത് നോർക്കയുടെ ഓഫീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി)യും (ഡി) യും<br>മലപ്പുറത്ത് നോർക്ക-റൂട്ട്സിന്റെ ജില്ലാ സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത ജില്ലാ ഓഫീസ് സ്ഥാപിക്കുന്നതിലേയ്ക്കായി മലപ്പുറം സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ച് അറിയിച്ചിരുന്നുവെങ്കിലും പ്രസ്തുത സ്ഥലം നോർക്ക റൂട്ട്സിന് ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കേ നോർക്ക-റൂട്ട്സിന്റെ സെല്ലിന്റെ പ്രവർത്തനം മലപ്പുറത്ത് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ